**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **08-10-2024 - ൽ മറുപടിയ്ക്ക്**

**മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ടെൻഡർ ചെയ്തെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി (6MW, 14.84Mu) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ, കെ.എസ്.ഇ.ബി.എൽ. ന്റെ 30.03.2022- ലെ ഉത്തരവ് പ്രകാരം, പദ്ധതിക്ക് ആവശ്യമായ എല്ലാ വിഭാഗത്തിലുള്ള ഭൂമിയുടെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. പദ്ധതിക്ക് ആവശ്യമായ മുഴുവൻ ഭൂമിയും, ഏറ്റെടുക്കാൻ സാധിക്കാത്തതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാതിരുന്നത്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമിയുടെ 95% വും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി രണ്ടു ഭൂവുടമകളിൽ നിന്നും RFCTLARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വനഭൂമി കെ. എസ്.ഇ.ബി. എൽ- നു കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിക്ക് ആവശ്യമായ പട്ടികവർഗ്ഗഭൂമി RFCTLARR ആക്ട് 2013, പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ബോർഡ് അനുമതി ലഭ്യമായിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് അനുമതി ലഭിച്ചാലുടൻ തന്നെ പട്ടികവർഗ്ഗഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നിർമ്മാണം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ എല്ലാ തരത്തിലുള്ള ഭൂമിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിത പെടുത്തുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ പുതിയ ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ